# <u>നിർദ്ദേശങ്ങൾ</u>

1. **2024** അധ്യയന വർഷത്തിൽ സർവകലാശാലയിൽ പ്രവേശനം നേടി ബി.എഡ്. ബിരുദം വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്.
2. **Supplementary / Improvement** ഫലത്തിനായി കാത്തിരിക്കുന്നവർ ഡിഗ്രി സർട്ടിഫിക്കറ്റിന് **അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല**
3. പുനർമൂല്യ നിർണ്ണയം വഴിയുള്ള മാർക്ക് ,ഗ്രേസ് മാർക്ക് എന്നിവ ഫൈനൽ ഗ്രേഡ് കാർഡിൽ ഇതുവരെ പ്രാബല്യത്തിൽ വരുത്താത്ത വിദ്യാർഥികൾ ഡിഗ്രി സർട്ടിഫിക്കറ്റിന് **അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.**
4. ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിച്ചതിന് ശേഷം ഫൈനൽ ഗ്രേഡ് കാർഡിൽ തിരുത്തൽ അനുവദനീയമല്ല.
5. ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യുന്നതിലേക്കായി എസ് എസ് എൽ സി , ക്വാളിഫയിങ് സർട്ടിഫിക്കറ്റ് , ഫൈനൽ ഗ്രേഡ് കാർഡ് , പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്കാൻ ചെയത കോപ്പി (PDF ഫോർമാറ്റിൽ) തയ്യാറാക്കി വെയ്ക്കേണ്ടതാണ്. സ്കാൻ ചെയ്ത ഡോക്യുമെന്റിന്റെ വലുപ്പം 1 MB യിൽ കവിയരുത്.
6. അപ്‌ലോഡ് ചെയ്യുന്ന രേഖകൾ വ്യക്തവും പൂർണ്ണവും ആണെന്ന് ഉറപ്പു വരുത്തേണ്ടതാണ് . വെബ്സൈറ്റിൽ നിന്നു ലഭ്യമായ printout അപ്‌ലോഡ് ചെയ്യാൻ പാടുള്ളതല്ല.
7. ഫൈനൽ ഗ്രേഡ് കാർഡ് തിയ്യതി മുതൽ ഒരു വർഷത്തിന് ശേഷം ഡിഗ്രി സർട്ടിഫിക്കറ്റിനു അപേക്ഷ സമർപ്പിക്കുന്നവർ സേർച്ച് ഫീ ഒടുക്കേണ്ടതാണ്. ഫീസ് വിവരങ്ങൾ അപ്ലിക്കേഷൻ വിൻഡോയിൽ ലഭ്യമാകുന്നതാണ്.
8. മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും വായിച്ചു മനസ്സിലാക്കിയ ശേഷം 'Proceed' ബട്ടൺ അമർത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
9. ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്തു സൂക്ഷിക്കേണ്ടതാണ് പിന്നീടുള്ള അന്വേഷണങ്ങൾക്കു അപ്ലിക്കേഷൻ നമ്പറും തിയ്യതിയും അതാവശ്യമായി വരും. അപേക്ഷ പൂർണ്ണമായും ഓൺലൈൻ ആയതിനാൽ പ്രിന്റ് ഔട്ട് ഉം അനുബന്ധ രേഖകളും ഒന്നും തന്നെ സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല.
10. ഡിഗ്രി സർട്ടിഫിക്കറ്റ് ഡിജിലോക്കർ സംവിധാനത്തിൽ ലഭ്യമാക്കുന്നതിനായി അപേക്ഷകർ നിർബന്ധമായും **ABC ID** തയ്യാറാക്കിയിരിക്കേണ്ടതാണ്